# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1075

12-07-2016 ൽ മറുപടിയ്ക്ക്

## വെളിയന്നൂർ ചല്ലിയിൽ നെൽകൃഷി വികസിപ്പിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ. കെ. ദാസൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നഗരസഭയിൽ ഉൾപ്പെടുന്ന വെളിയന്നൂർ ചല്ലിയിൽ നെൽകൃഷി വികസിപ്പിക്കുന്നതിനും അനുബന്ധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കൊയിലാണ്ടി നഗരസഭയിൽ ഉൾപ്പെടുന്ന വെളിയന്നൂർ ചല്ലിയിൽ ഏകദേശം 400 ഹെക്ടറോളം പ്രദേശം നിലവിലുണ്ട്. അരിക്കുളം, കീഴരിയൂർ, കൊയിലാണ്ടി എന്നീ പഞ്ചായത്തുകളിലായി ഈ സ്ഥലം വ്യാപിച്ചു കിടക്കുന്നു. ഏകദേശം 5 ഹെക്ടറോളം തരിശുനില നെൽകൃഷി ഈ പ്രദേശത്ത് നടപ്പിലാക്കുകയുണ്ടായി. കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വലിയ സാധ്യതയുള്ള "ചല്ലി" പ്രദേശം പ്രയോജനപ്പെടുത്തി ഒരു വികസന പാക്കേജ് ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ചല്ലിപ്രദേശം പ്രയോജനപ്പെടുത്തി വികസന പാക്കേജ് ആവിഷ്കരിക്കുവാനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**